വായ തുക നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 27-ന് 8-3-1985-ൽ മറുപടി യായി നൽകിയിട്ടുണ്ട്. 1-2-1985 മുതൽ 31-5-1985 വരെ ടെലിഫോൺ ചാർജ്ജിനത്തിൽ ചെലവായ തുക നക്ഷത്രചിഹ്നമിടാത്ത ചോദ്യം 6-ന് 1-7-1985 ലും 1-6-1985 മുതൽ 28-2-1986 വരെ ടെലിഫോൺ ചാർജ്ജിനത്തിൽ ചെലവായ തുകയുടെ കണക്ക് നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 11 ന് 17-3-1986 ലും 1-3-1986 മുതൽ 31-5-1987 വരെ ടെലിഫോൺ ചാർജ്ജിന ത്തിൽ ചെലവായ തുക 23-6-1986 നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 12, 13 എന്നിവയുടെ മറുപടിയായും നല്കിയിട്ടുണ്ട്.

1-6-1986 മുതൽ 30-9-1986 വരെ ഓരോ മന്ത്രിക്കും ഓരോ മന്ത്രിയുടെയും പേഴ്സണൽ സ്റ്റാഫിലെ ഉദ്യോഗസ്ഥൻമാർക്കും ടെലിഫോൺ ചാർജ്ജ് നത്തിൽ ചെലവായ തുകയുടെ കണക്ക് അനുബന്ധമായി കൊടുത്തി ട്ടുണ്ട് †

മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിലെ അംഗങ്ങൾ

40. [58] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ മന്ത്രിസഭയിലെ ഓരോ മന്ത്രിമാർക്കും പേഴ്സണൽ സ്റ്റാ ഫിൽ എത്ര അംഗങ്ങൾ വീതമാണുള്ളത് ;

(ബി) ഇതിൽ ഗവൺമെന്റ് വകുപ്പുകളിൽ നിന്നും ഡെപ്യൂട്ടേഷനിൽ വന്നവരെത്ര ;

(സി) നേരിട്ട് നിയമിക്കപ്പെട്ടവരെത്ര ?

ഉത്തരം

(എ, ബി, സി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു ‡

മന്ത്രിമാരുടെ വിദേശപര്യടനം

41. [59] ശ്രീ. കെ. മൂസ്സക്കുട്ടി :

,, എ. കെ. പത്മനാഭൻ :

,, വി. കേശവൻ :

,, കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 1986 സെപ്റ്റംബർ 30 വരെ ഏതെല്ലാം മന്ത്രിമാർ വിദേശപര്യടനം നടത്തിയി ട്ടുണ്ട് ;

(ബി) ഈ ഇനത്തിൽ ഓരോ മന്ത്രിക്കുംവേണ്ടി സ്റ്റേറ്റ് ഖജനാ വിൽനിന്നും ചെലവായ തുക എത്ര ;

(സി) മന്ത്രിമാർ ഏതെല്ലാം രാജ്യങ്ങളാണ് സന്ദർശിച്ചത് ;

(ഡി) വിദേശപര്യടനം നടത്തിയ മന്ത്രിമാർ പര്യടനത്തിന് ശേഷം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ ആരെല്ലാമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 13 മന്ത്രിമാർ വിദേശപര്യടനം നടത്തിയിട്ടുണ്ട്. വിദേശപര്യടനം നടത്തിയ മന്ത്രിമാരുടെ പേരുകൾ അനുബന്ധം IV-1-ൽ ചേർത്തിട്ടുണ്ട്. †

(ബി, സി) അനുബന്ധം IV-2-ൽ ചേർത്തിട്ടുണ്ട്. †

(ഡി) മന്ത്രിമാർ വിദേശ പര്യടനത്തിനുശേഷം റിപ്പോർട്ട് സമർപ്പിക്ക ണമെന്ന് പ്രത്യേക നിബന്ധനയൊന്നുമില്ല.

† അനുബന്ധം II
‡ അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III

[നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 40 (58) കാണുക]

മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽപ്പെട്ടവരുടെ എണ്ണം

മന്ത്രിമാരുടെ പേര്	ഡെപ്യൂട്ടേഷനിൽ വന്നവർ			
	ഗവ. വകുപ്പുകളിൽ നിന്ന്	മറ്റുസ്ഥാപനങ്ങളിൽ നിന്ന്	നേരിട്ടു നിയമിക്കപ്പെട്ടവർ	മൊത്തം
1. ശ്രീ കെ. കരുണാകരൻ (മുഖ്യമന്ത്രി)	14	2	22	38
2. ,, കെ. അവുക്കാദർക്കുട്ടിനഹ (ഉപമുഖ്യമന്ത്രി)	2	..	26	28
3. ,, ഇ. അഹമ്മദ് (വ്യവസായ വകുപ്പുമന്ത്രി)	11	2	11	24
4. ,, ആർ. ബാലകൃഷ്ണപിള്ള (വിദ്യുച്ഛക്തി വകുപ്പുമന്ത്രി)	4	4	16	24
5. ,, യു. എ. ബീരാൻ (ക്ഷീരസിവിൽ സപ്ലൈസ് വകുപ്പുമന്ത്രി)	7	1	13	21
6. ,, എ. എൽ. ജേക്കബ് (ഫിഷറീസ് വകുപ്പുമന്ത്രി)	17	..	9	26
7. ,, റവ. എം. ജേക്കബ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി)	11	1	16	28
8. ,, പി. ജെ. ജോസഫ് (റവന്യൂ വകുപ്പുമന്ത്രി)	3	..	19	27
9. ശ്രീമതി എം. കമലം (സഹകരണ വകുപ്പുമന്ത്രി)	6	..	19	28
10. ശ്രീ. കെ. എം. മാണി (ഇറിഗേഷനും നിയമവും വകുപ്പുമന്ത്രി)	7	6	15	28
11. ,, കെ. പി. നൂറുദ്ദീൻ (വനം വകുപ്പുമന്ത്രി)	9	1	17	27
12. ,, രമേശ് ചെന്നിത്തല (റൂറൽ ഡവലപ്പ്മെന്റ് മന്ത്രി)	7	1	21	29
13. ,, കെ. ശിവദാസൻ (തൊഴിൽ വകുപ്പുമന്ത്രി)	3	1	21	25
14. ,, സി. എം. സുന്ദരം (പഞ്ചായത്തു വകുപ്പുമന്ത്രി)	10	..	15	25
15. ,, എൻ. സുന്ദരൻ നാടാർ (കൃഷി വകുപ്പുമന്ത്രി)	7	..	20	27
16. ,, തച്ചടി പ്രഭാകരൻ (ധനകാര്യ വകുപ്പുമന്ത്രി)	8	6	14	28
17. ,, പി. കെ. വേലായുധൻ (ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി)	6	3	18	27